File No.KSINC/1409/2021-AD1

KSINC

# KERALA SHIPPING AND INLAND NAVIGATION CORPORATION LTD.

*(A Government of Kerala Undertaking)*

*AN ISO 9001 : 2015 Certified Company*

നം. എ–9/403/2022 തീയതി : 18.07.2022

ടി കമ്പനിയിൽ മെക്കാനിക് തസ്തികയിൽ ജോലി ചെയ്ത് വന്ന ശ്രീ. ബിജു ആന്റണി, S/o പി.പി. ആന്റണി, പറൂക്കാരൻ വീട്, ചെറുവാലൂർ പി.ഒ., കൊരട്ടി, തൃശൂർ – 680 321 എന്നയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാതിരിക്കുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസ്.

കമ്പനിയിൽ മെക്കാനിക് തസ്തികയിൽ ജോലിയിലിരിക്കെ വിദേശത്ത് ജോലി ചെയ്യുന്നതിനായി 10.10.2016 മുതൽ രണ്ട് വർഷകാലത്തേക്ക് ശൂന്യവേതന അവധി താങ്കൾക്ക് അനുവദിക്കുകയുണ്ടായി. പിന്നീട് ഈ അവധി താങ്കളുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ 29.09.2018–ലെ എ–9/403/2018–ാം നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം 10.10.2018 മുതൽ 3 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുള്ളതാണ്.

താങ്കൾക്ക് അനുവദിച്ച ശൂന്യവേതന അവധിയുടെ കാലാവധി 09.10.2021 – ൽ അവസാനിച്ചു എങ്കിലും താങ്കൾ ജോലിയിൽ നാളിതുവരെ തിരികെ പ്രവേശിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ 7 ദിവസത്തിനുള്ളിൽ ജോലിക്ക് ഹാജരാകണമെന്നും അല്ലാത്ത പക്ഷം ജോലിയിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും കാണിച്ച് രണ്ട് നോട്ടീസുകൾ താങ്കളുടെ ലഭ്യമായ മേൽ വിലാസത്തിൽ രജിസ്റ്റേഡ് തപാലിൽ 16.11.2021, 03.12.2021 തീയതികളിൽ അയക്കുകയും എന്നാൽ ഈ മേൽവിലാസത്തിൽ ഉള്ള ആൾ ഇന്ത്യയ്ക്ക് പുറത്താണ് എന്ന് കാണിച്ച് പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ നിന്നും ടി നോട്ടീസുകൾ തിരിച്ച് വരികയുണ്ടായി. തുടർന്ന് താങ്കൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റപത്രവും, കുറ്റാരോപണ പത്രികയും 04.01.2022–ലെ എ–9/403/2022 നമ്പർ കത്ത് പ്രകാരം താങ്കളുടെ വിലാസത്തിൽ രജിസ്റ്റേഡ് തപാലിൽ അയച്ചിരുന്നുവെങ്കിലും കൈപ്പറ്റാതെ തിരികെ വരുകയാണുണ്ടായത്.

ആയതിനാൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം ശ്രീ. ബിജു ആന്റണി ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ മറ്റൊരു ഉത്തരവില്ലാതെ ശ്രീ. ബിജു ആന്റണിയെ കമ്പനിയുടെ സർവ്വീസിൽ നിന്നും നീക്കം ചെയ്തതായി കണക്കാക്കുമെന്ന് അറിയിക്കുന്നു.

മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്,

ശ്രീ. ബിജു ആന്റണി,
S/o പി.പി. ആന്റണി,
പറൂക്കാരൻ വീട്, ചെറുവാലൂർ പി.ഒ.,
കൊരട്ടി, തൃശൂർ – 680 321